പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1703 **16-10-2026-ൽ മറുപടിയ്ക്ക്**

ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഷൻ ഫയലുകൾ തീർപ്പാക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. ഡി. തോമസ് ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

(എ) 2020 മുതൽ 2026 വരെ വിവിധ റീജിയണൽ, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഷൻ സംബന്ധിച്ച് ലഭിച്ചിട്ടുള്ളതും ഇതുവരെ തീർപ്പുകൽപ്പിക്കാത്തതുമായ ഫയലുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

മറുപടി:

ജില്ല	ലൈസൻസ് സസ്പെൻഷനുമായി ബന്ധപ്പെട്ട് ലഭിച്ച ആകെ ഫയലുകൾ	തീർപ്പുകൽപ്പിക്കാത്ത ഫയലുകൾ
തിരുവനന്തപുരം	10166	1939
കൊല്ലം	5835	975
പത്തനംതിട്ട	4415	1025
ആലപ്പുഴ	8005	1530
കോട്ടയം	10283	2864
ഇടുക്കി	2787	227
എറണാകുളം	19696	1203
തൃശ്ശൂർ	5635	1207
പാലക്കാട്	3043	342
മലപ്പുറം	6374	1540
കോഴിക്കോട്	10095	3573
വയനാട്	3476	1155
കണ്ണൂർ	6102	1247

കാസർഗോഡ്	2424	1168

(ബി) പ്രസ്തുത ഫയലുകളിൽ തീരുമാനം വൈകുന്നതിനുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്നും ഫയലുകൾ തീർപ്പാക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടിക്രമം എന്താണെന്നും അറിയിക്കാമോ;

മറുപടി: ലൈസൻസ് ഉടമയ്ക്ക് ക്ലടിക്കാഴ്ചയ്ക്കായി കാരണം കാണിക്കൽ നോട്ടീസ് അയച്ചിട്ടും ക്ലടിക്കാഴ്ചയ്ക്ക് ഹാജരാകാത്തതാണ് പ്രസ്തുത ഫയലുകളിൽ തീരുമാനം വൈകുന്നതിനുള്ള പ്രധാന കാരണം.

ലൈസൻസ് ഉടമയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് അയയ്ക്കുകയും ആയതിൻ പ്രകാരം ലഭ്യമാകുന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുകയുമാണ് ലൈസൻസ് സസ്പെൻഷനുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചു വരുന്ന നടപടിക്രമം.

(സി) ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്യൽ, സസ്പെൻഷൻ റദ്ദാക്കൽ/പിൻവലിക്കൽ തുടങ്ങിയ വിഷയങ്ങളിലുള്ള ഫയലുകളിൽ തീരുമാനമെടുക്കുന്നതിന് നിശ്ചിത സമയപരിധി നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സമയപരിധി എത്രയാണെന്നും അതു സംബന്ധിച്ച ഉത്തരവുകളോ സർക്കുലറുകളോ നിലവിലുണ്ടോയെന്നും അറിയിക്കാമോ;

മറുപടി: കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ ഡ്രൈവിങ് ലൈസൻസ് സസ്പെൻഷൻ ഫയലുകളിൽ തീരുമാനം എടുക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഷനിൽ ആക്ഷേപമുള്ള പക്ഷം, ഡ്രൈവിംഗ് ലൈസൻസ് ഉടമയ്ക്ക് സസ്പെൻഷൻ നടപടിക്രമം കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. അപ്പീലിൽ തീരുമാനം എടുക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല.

(ഡി) പ്രസ്തുത വിഷയങ്ങളിൽ ഫയലുകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശവും ഇതിൻ പ്രകാരം ഫയൽ തീർപ്പാക്കുന്നതിനുള്ള ഓരോ ഘട്ടവും സമയപരിധിയും വ്യക്തമാക്കാമോ?

മറുപടി: പ്രസ്തുത വിഷയങ്ങളിൽ ഫയലുകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ നിലവിലില്ല. ആയതിന്റെ നടപടിക്രമം 1988-ലെ മോട്ടോർ വാഹന ആക്ടിലെ SEC 19 (1) പ്രകാരമാണ്.

സെക്ഷൻ ഓഫീസർ